## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6405 — 11.07.2012 ലെ മറുപടിയ്ക്ക്

## സാമ്പത്തിക തട്ടിപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. ഷാജി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സാമ്പത്തിക തട്ടിപ്പുകൾ നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്ത് സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിനായി ബാങ്കിംഗ് റഗുലേഷൻ ആക്ട്, ചിട്ടി ആക്ട്, പ്രൈസ് ചിറ്റ്സ് & മണി സർക്കുലേഷൻ സ്കീം (ബാനിംങ്) ആക്ട്, മണി ലെൻഡേഴ്സ് ആക്ട് എന്നിവ മുഖേന സാമ്പത്തിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുപോരുന്നു. അതു പ്രകാരം പോലീസ്, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, വാണിജ്യനികുതി കമ്മിഷണർ, റിസർവ് ബാങ്ക്ഓഫ് ഇന്ത്യ എന്നിവർക്ക് തട്ടിപ്പുകാർക്കെതിരെ നടപടിയെടുക്കുവാൻ അധികാരമുണ്ട്. ഇവ കൂടാതെ കേരളത്തിനകത്തെ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു സമഗ്ര നിയമം - കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്) - കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും, പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിനും കടുത്ത ശിക്ഷ |

വ്യവസ്ഥ ചെയ്യുന്നതുമായ കേരള പ്രൊഹിബിഷൻ ഓഫ് ചാർജ്ജിങ് എസ്റ്റ്റോർബിറ്റന്റ് ഇന്ററസ്റ്റ് എന്ന ബില്ലും സർക്കാർ കൊണ്ടുവരുന്നതാണ്. രണ്ടു ബില്ലുകളും തയ്യാറാക്കി കേരള നിയമസഭയിൽ യഥാക്രമം ബിൽ നമ്പർ 114-ഉം 117-ഉം ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബി) ഇത്തരം തട്ടിപ്പു സംഘങ്ങളുടെ പ്രവർത്തനം ആരംഭത്തിൽത്തന്നെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

സി) ഇത്തരം തട്ടിപ്പുകൾ അരങ്ങേറുകയും ഈക്കാര്യങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടും കൂടുതൽ ജനങ്ങൾ കെണിയിൽപ്പെടുകയും, ഫലപ്രദമായ നിയമ നടപടികൾ ഇല്ലാതിരിക്കുകയും ചെയ്യുന്നതിന്റെ സാഹചര്യം പരിശോധിക്കുമോ ?

ബി) & സി) ഇത്തരം തട്ടിപ്പു സംഘങ്ങൾക്കെതിരെ ഫലപ്രദമായ നിയമ നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ ജനങ്ങളും ഈ വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഒരു പക്ഷേ ഈ ജാഗ്രത കുറവാകാം ഇത്തരം തട്ടിപ്പുകൾ അരങ്ങേറുവാൻ കാരണം.

**സെക്ഷൻ ഓഫീസർ.**